# കോവിഡ് 19 വ്യാപനം നിയന്ത്രിച്ചിട്ടുവേണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുവാൻ

സർവീസ് സൊസൈറ്റി ഈ മഹാമാരിക്കാലത്ത് വൈറസിനെതിരായിട്ടുള്ള പ്രതിരോധം സർക്കാർനിബന്ധനകൾ പാലിച്ചുകൊണ്ട് എല്ലാതലങ്ങളിലും ചെയ്തുകൊണ്ടിരിക്കുകയാണ്. മഹാമാരിയെ പ്രതിരോധിക്കുവാനുള്ള വാക്സിന്റെ കണ്ടുപിടിത്തം ഇനിയും സംഭവിക്കേണ്ടിയിരിക്കുന്നു. കോവിഡ് 19-ന് എതിരായിട്ടുള്ള പ്രതിരോധം കൂടുതൽ സങ്കീർണ്ണമാക്കുന്നത് സംസ്ഥാനത്തിന്റെ കൂടിയ ജനസാന്ദ്രതയും ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ഉള്ള മലയാളിയുടെ കൂട്ടത്തോടെയുള്ള തിരിച്ചുവരവുമാണ്. അതോടുകൂടി ഈ രോഗത്തിന്റെ സാമൂഹികവ്യാപനം പ്രതിദിനം വർദ്ധിക്കാനുമിടയായി. രോഗവ്യാപനത്തിന്റെ മേഖലകളും ദിനംപ്രതി വർദ്ധിച്ചുവരുകയുമാണ്.

ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് 2020 നവംബറിൽ തിരഞ്ഞെടുപ്പ് നടത്താനുള്ള ധൃതഗതിയിലുള്ള നടപടികൾ ആശങ്കയുണർത്തുന്നു. അടുത്തു നടക്കേണ്ട തദ്ദേശതിരഞ്ഞെടുപ്പു കഴിഞ്ഞ് കഷ്ടിച്ച് ആറുമാസം കഴിയുമ്പോൾ കേരളസംസ്ഥാനനിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പും സംജാതമാകുന്നു. സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയപാർട്ടികളും കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകൾ നടപ്പിലാക്കിയ കോവിഡ് 19 പ്രതിരോധനിയന്ത്രണങ്ങൾ വകവയ്ക്കാതെവേണം തദ്ദേശതിരഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. തദ്ദേശതിരഞ്ഞെടുപ്പുഫലം നിയമസഭാതിരഞ്ഞെടുപ്പിലേക്കുള്ള വഴികാട്ടിയായിട്ടാണ് രാഷ്ട്രീയമുന്നണികൾ കാണുന്നത്. എല്ലാവരും തങ്ങൾക്ക് അനുകൂലമായി തിരഞ്ഞെടുപ്പുഫലം മാറ്റി, അസംബ്ലിതിരഞ്ഞെടുപ്പിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി എന്തിനും തയ്യാറായി നില്ക്കുകയാണ്. തിരഞ്ഞെടുപ്പുനടപടിക്രമങ്ങൾ ആരംഭിച്ചാൽ കോവിഡ് 19 നിയന്ത്രണങ്ങൾ പാടേ തെറ്റിക്കപ്പെടും. രോഗവ്യാപനത്തിന്റെ മദ്ധ്യേ തിരഞ്ഞെടുപ്പ് നടത്തിയാൽ സംസ്ഥാനം നീങ്ങുന്നത് വലിയ വിപത്തിലേക്കായിരിക്കും. മനുഷ്യജീവൻ വില നല്കി തിരഞ്ഞെടുപ്പ് നടത്തുന്നതിലുള്ള അപകടം, അധികാരികളുടെ ശ്രദ്ധയിലും പരിഗണനയിലും കൊണ്ടുവരേണ്ടത് സാമൂഹ്യബാദ്ധ്യതയായി കാണുന്നു. ഇതുവരെ കിട്ടിയ അറിവനുസരിച്ച് കേന്ദ്ര ഇലക്ഷൻ കമ്മീഷനോ, സംസ്ഥാന ഇലക്ഷൻ കമ്മീഷനോ മഹാമാരിക്കാലത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള നടപടിക്രമം നാളിതുവരെയായി രൂപീകരിച്ചതായും അറിവില്ല. അത്തരത്തിൽ രൂപീകൃതമായ നടപടിക്രമത്തിന് നിയമപരമായ സാംഗത്യം ലഭിക്കണമെങ്കിൽ തദ്ദേശതിരഞ്ഞെടുപ്പ് നടത്തുന്നതിന് അവലംബിക്കുന്ന നിയമസഭ പാസ്സാക്കിയ നിയമങ്ങളിൽ മാറ്റം ഉണ്ടാകേണ്ടിവരും.

ആന്ധ്രാപ്രദേശിൽ 2020 മാർച്ചിൽ നടക്കേണ്ട കോർപ്പറേഷനുകളിലേക്കുള്ള തിരഞ്ഞെടുപ്പ് ഇതുവരെ നടത്താൻ കഴിഞ്ഞിട്ടില്ല. മഹാമാരിയുടെ മധ്യേ തിരഞ്ഞെടുപ്പു നടത്താൻ അവിടുത്തെ സംസ്ഥാനസർക്കാർ പരമാവധി ശ്രമിച്ചിട്ടും ഇലക്ഷൻ കമ്മീഷണർ, തന്നിൽ നിക്ഷിപ്തമായ ഭരണാഘടനാ ഉത്തരവാദിത്വം ഉപയോഗിച്ച് പൊതുജനനന്മയെ ലക്ഷ്യമാക്കി, ആ തിരഞ്ഞെടുപ്പ് മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഇതിനെതിരെ സംസ്ഥാനസർക്കാരിന്റെ നീക്കം ഉണ്ടായെങ്കിലും അത് റദ്ദുചെയ്തുകൊണ്ട് കോടതിയും ഇലക്ഷൻ കമ്മീഷണറുടെ നടപടി അംഗീകരിക്കുകയാണുണ്ടായത്.

നിയമം അനുശാസിക്കുന്ന സ്വതന്ത്രവും സുതാര്യവുമായ തിരഞ്ഞെടുപ്പിന് വിരുദ്ധമാണ് മുതിർന്ന പൗരന്മാർക്ക് പോസ്റ്റൽ വോട്ട് അനുവദിക്കുന്നത് എന്ന തരത്തിലുള്ള ആക്ഷേപങ്ങളും ഉയർന്നുവന്നിട്ടുണ്ട്. മഹാമാരിയുടെ കാലത്ത് സുരക്ഷിതമായി തിരഞ്ഞെടുപ്പ് നടത്താനുള്ള ഉപാധിയായി ഓൺലൈനിൽകൂടി സമ്മതിദാനാവകാശം വിനിയോഗിക്കാം എന്നുള്ളത് നമ്മുടെ നിയമം അനുശാസിക്കുന്ന രഹസ്യവോട്ട് എന്ന തത്ത്വത്തിന് വിരുദ്ധമാണ്. ഈ സാഹചര്യത്തിലാണ് പൊതുജനനന്മ മുൻനിർത്തി, കോവിഡ് വ്യാപനം നിയന്ത്രിച്ചതിനുശേഷം മാത്രമേ നമ്മുടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്താവൂ എന്നാവശ്യപ്പെട്ട് സംസ്ഥാനതിരഞ്ഞെടുപ്പുകമ്മീഷൻ മുമ്പാകെ നായർ സർവീസ് സൊസൈറ്റി നിവേദനം സമർപ്പിച്ചത്.